ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിന് നടപടി

15 [2878] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിന് നയപരമായ തീരുമാനങ്ങളെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) അന്യ സംസ്ഥാനങ്ങളുടെ ഓൺലൈൻ ലോട്ടറി വിൽപ്പന ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ ലോട്ടറി വിൽപ്പനയിൽ കുറവു വന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിന് നയപരമായ തീരുമാനമെടുക്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഓൺലൈൻ ലോട്ടറി ഏറ്റെടുത്തു നടത്തുന്നതിന് ടെൻഡർ സമർപ്പിക്കാൻ ആരും മുന്നോട്ടു വരികയുണ്ടായില്ല.

(ബി) ഉണ്ട്.

(സി) ഓൺലൈൻ ഭാഗ്യക്കുറികൾ വിൽപ്പന പുനരാരംഭിച്ചതോടെ സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പനയിൽ കുറവു വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് ആധികാരികമായ പഠനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല.

ലോട്ടറിയിൽ നിന്നും ലഭിച്ച ആദായം

16 [2879] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷങ്ങളായി ലോട്ടറിയിൽ നിന്നും ലഭിച്ച ആദായം ഏത് പദ്ധതി വികസനത്തിനാണ് ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത വർഷം ലോട്ടറിയിലൂടെ എത്ര രൂപ ആദായം പ്രതീക്ഷിക്കുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

(ബി) 20 കോടി രൂപ അറ്റാദായം പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly